# കേരളസർവകലാശാല

നം.പി.ആർ.172/2022

## പത്രക്കുറിപ്പ്

### പരീക്ഷാഫലം

കേരളസർവകലാശാല 2021 ഡിസംബറിൽ നടത്തിയ രണ്ടാം സെമസ്റ്റർ ബി.എ.ഡിഗ്രി (സി.ബി.സി.എസ്.) (റെഗുലർ – 2020 അഡ്മിഷൻ, ഇംപ്രൂവ്മെന്റ് – 2019 അഡ്മിഷൻ, സപ്ലിമെന്ററി – 2015, 2016, 2017 & 2018 അഡ്മിഷൻ, മേഴ്സിചാൻസ് – 2014 അഡ്മിഷൻ മാത്രം) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ആഗസ്റ്റ് 19 വരെ അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

കേരളസർവകലാശാല 2021 നവംബറിൽ നടത്തിയ രണ്ടാം സെമസ്റ്റർ എം.എ.ഇക്കണോമിക്സ്, ബിസിനസ് ഇക്കണോമിക്സ്, എം.എസ്സി. മാത്തമാറ്റിക്സ് പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. സൂക്ഷ്മപരിശോധനയ്ക്ക് ആഗസ്റ്റ് 23 വരെ അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

കേരളസർവകലാശാല എം.സി.എ. ഡിഗ്രി ബ്രിഡ്ജ് കോഴ്സ് (2020 സ്കീം, 2020 അഡ്മിഷൻ) പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. വിശദവിവരം സർവകലാശാല വെബ്സൈറ്റിൽ ലഭ്യമാണ്.

### ജർമ്മൻ സർട്ടിഫിക്കറ്റ് കോഴ്സിനും ജർമ്മൻ ഡിപ്ലോമ കോഴ്സിനും അപേക്ഷിക്കാം

കേരളസർവകലാശാല ജർമ്മൻ പഠന വിഭാഗം നടത്തുന്ന ജർമ്മൻ സർട്ടിഫിക്കറ്റ് കോഴ്സിനും ജർമ്മൻ ഡിപ്ലോമ കോഴ്സിനും(2022 അഡ്മിഷൻ) അപേക്ഷ ക്ഷണിച്ചു. യോഗ്യത: സർവകലാശാല ബിരുദം/ തത്തുല്യ യോഗ്യത, കോഴ്സ് ഫീ: Rs.2153/- രൂപ, കോഴ്സ് കാലാവധി: ഒരു വർഷം. അപേക്ഷാഫീസ് , രജിസ്ട്രേഷൻ ഫീസ് 105/- രൂപ (ഫീസ് യൂണിവേഴ്സിറ്റി ക്യാഷ് കൗണ്ടറിൽ നേരിട്ടോ ഓൺലൈൻ മുഖാന്തരമോ അടക്കാവുന്നതാണ്). പൂരിപ്പിച്ച അപേക്ഷകൾ 2022 സെപ്റ്റംബർ 3 വരെ പാളയം സെനറ്റ് ഹൗസ് ക്യാമ്പസിലുള്ള ജർമ്മൻ പഠനവകുപ്പ് ഓഫീസിൽ സ്വീകരിക്കുന്നതാണ്. അപേക്ഷഫോം നേരിട്ട് ജർമ്മൻ പഠനവിഭാത്തിൽ നിന്നോ അല്ലെങ്കിൽ ജർമ്മൻ ഡിപ്പാർട്ട്മെന്റ് വെബ്സൈറ്റിൽ നിന്നോ ലഭിക്കുന്നതാണ്.

### കോളേജ് മാറ്റത്തിനായി അപേക്ഷിക്കാം

കേരളസർവകലാശാലയുടെ കീഴിലുള്ള കോളേജുകളിൽ മൂന്നാം സെമസ്റ്ററിലേക്ക് ബിരുദ വിദ്യാർത്ഥികൾക്ക് (സി.ബി.സി.എസ്.എസ്.) 2022 – 23 അദ്ധ്യയന വർഷത്തിൽ കോളേജ് മാറ്റത്തിനായി അപേക്ഷിക്കാവുന്നതാണ്. കോളേജ് മാറ്റം ഗവൺമെന്റ്/ എയ്ഡഡ് കോളേജുകൾ തമ്മിലും സ്വാശ്രയ കോളേജുകൾ തമ്മിലും അനുവദിക്കുന്നതാണ്.

പൂരിപ്പിച്ച അപേക്ഷയോടൊപ്പം +2 അല്ലെങ്കിൽ തത്തുല്യ പരീക്ഷയുടെ മാർക്ക്ലിസ്റ്റ് സഹിതം പഠിക്കുന്ന കോളേജിലെ പ്രിൻസിപ്പാളിന്റെ ശുപാർശയോടൊപ്പം 1050 /- രൂപ ഫീസ് അടച്ചു ചേരാൻ പോകുന്ന കോളേജിൽ 2022 ആഗസ്റ്റ് 30 ന് മുൻപായി സമർപ്പിക്കേണ്ടതാണ്. തെരഞ്ഞെടുക്കപ്പെടുകയാണെങ്കിൽ 1575/- രൂപ കൂടി അടക്കേണ്ടതാണ്. അപേക്ഷ സർവകലാശാല രജിസ്ട്രാർ തപാലിൽ ലഭിക്കേണ്ട അവസാന തിയതി 2022 സെപ്റ്റംബർ 2. വിശദവിവരങ്ങൾ സർവകലാശാല വെബ്സൈറ്റിൽ ലഭ്യമാണ്. നിശ്ചിത തീയതിക്ക് ശേഷം ലഭിക്കുന്ന അപേക്ഷകൾ നിരസിക്കുന്നതാണ്.

## SC, ST സീറ്റ് ഒഴിവ്

കേരളസർവകലാശാലയുടെ പഠനവഗവേഷണ വകുപ്പുകളിൽ എം.എ. റഷ്യൻ, ജർമൻ , ഇസ്ലാമിക് ഹിസ്റ്ററ , വെസ്റ്റ് ഏഷ്യൻ സ്റ്റഡീസ്, ഹിന്ദി , ലിംഗ്വിസ്റ്റിക്സ്, അറബിക്, സംസ്കൃതം, ഫിലോസഫി, എം.എസ്സി. ഡെമോഗ്രഫി, സ്റ്റാറ്റിസ്റ്റിക്സ് ,അപ്ലൈഡ് സ്റ്റാറ്റിസ്റ്റിക്സ്, ഡാറ്റ സയൻസ്, കമ്പ്യൂട്ടർ സയൻസ്, കമ്പ്യൂട്ടർ സയൻസ് വിത്ത് സ്പെഷ്യലൈസഷൻ ഇൻ AI, കംപ്യൂട്ടേഷണൽ ബയോളജി , എം.ടെക്. കമ്പ്യൂട്ടർ സയൻസ്, ഒപ്റ്റോ ഇലക്ട്രോണിക്സ്, ടെക്നോളജി മാനേജ്മന്റ് എന്നീ പ്രോഗ്രാമുകൾക്ക് 2022 – 24 ബാച്ച് അഡ്മിഷന് SC, ST സീറ്റ് ഒഴിവുണ്ട്. പ്രവേശനം ആഗ്രഹിക്കുന്ന വിദ്യാർഥികൾ 2022 ആഗസ്റ്റ് 19 ന് രാവിലെ 11 മണിക്ക് അസൽ സർട്ടിഫിക്കറ്റുകളുമായി വകുപ്പിൽ നേരിട്ട് ഹാജരാകേണ്ടതാണ്

## SC സീറ്റ് ഒഴിവ്

കേരളസർവകലാശാലയുടെ പഠനഗവേഷണ വകുപ്പുകളിൽ എം.എ. ജർമൻ, റഷ്യൻ, എം.എസ്സി. ആക്ച്ചൂറിയൽ സയൻസ്, മാത്തമാറ്റിക്സ് വിത്ത് ഫിനാൻസ് ആന്റ് കംപ്യൂട്ടേഷൻ, ഇലക്ട്രോണിക്സ് എന്നീ പ്രോഗ്രാമുകൾക്ക് 2022 - 24 ബാച്ച് അഡ്മിഷന് SC സീറ്റ് ഒഴിവുണ്ട്. പ്രവേശനം ആഗ്രഹിക്കുന്ന വിദ്യാർഥികൾ 2022 ആഗസ്റ്റ് 19 ന് രാവിലെ 11 മണിക്ക് അസൽ സർട്ടിഫിക്കറ്റുകളുമായി വകുപ്പിൽ നേരിട്ട് ഹാജരാകേണ്ടതാണ് .

## ST സീറ്റ് ഒഴിവ്

കേരളസർവകലാശാലയുടെ പഠനഗവേഷണ വകുപ്പുകളിൽ എം.എ. തമിഴ്, പൊളിറ്റിക്സ് ഇന്റർനാഷണൽ റിലേഷൻസ് ആന്റ് ഡിപ്ലോമസി, മലയാളം, മ്യൂസിക്, മലയാളസാഹിത്യവും കേരളപഠനങ്ങളും, എം.എസ്സി. ജിയോളജി, കെമിസ്ട്രി, ഇന്റഗ്രേറ്റീവ് ബയോളജി, മാത്തമാറ്റിക്സ്, ഫിസിക്സ്, എൽ.എൽ.എം. എന്നീ പ്രോഗ്രാമുകൾക്ക് 2022 – 24 ബാച്ച് അഡ്മിഷന് ST സീറ്റ് ഒഴിവുണ്ട്. പ്രവേശനം ആഗ്രഹിക്കുന്ന വിദ്യാർഥികൾ 2022 ആഗസ്റ്റ് 19 ന് രാവിലെ 11 മണിക്ക് അസൽ സർട്ടിഫിക്കറ്റുകളുമായി വകുപ്പിൽ നേരിട്ട് ഹാജരാകേണ്ടതാണ്.

തിരുവനന്തപുരം,
16.08.2022.

പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ-ചാർജ്)

**E-mail:** For queries **helpdesk@keralauniversity.ac.in, examhelpdesk1@keralauniversity, examhelpdesk2@keralauniversity**
**website: www.keralauniversity.ac.in**

**University information is available on 9188526670, 9188526671, 9188526674, 9188526675**